മുഖ്യമന്ത്രി (വി. എസ്. അച്ചുതാനന്ദൻ) :

(എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റേയും നോർക്ക - റൂട്ട്സിന്റേയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ട്.

(ബി) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടത്തിയ കേരളീയ പ്രവാസി സംഗമം 2008-ൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളാണ് പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, ആഗോള മലയാളി സംഗമവും യുവജനോത്സവവും, പ്രവാസി ക്ഷേമനിധി, പ്രവാസി മലയാളികൾക്കായി നിക്ഷേപം ആകർഷിക്കുന്നതിലേക്കായി പുതിയ കമ്പനി, ഹെറിറ്റേജ് വില്ലേജ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം എന്നിവ.

(സി) കേരളീയ പ്രവാസി സംഗമം 2008-ൽ ഉരുത്തിരിഞ്ഞ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം, ക്ഷേമനിധി എന്നിവ നടപ്പിൽവരുത്തിയിട്ടുണ്ട്.

(ഡി) ഹെറിറ്റേജ് വില്ലേജ് നടപ്പിലാക്കുന്നതിനായി 2009-2010 വർഷത്തിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. 2010 -11 വർഷത്തിലും 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഒരു സാദ്ധ്യതാ പഠനം നടത്താൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ കമ്പനി രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശം നിയമ വകുപ്പുമായി ആലോചിച്ചു വരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

(ഇ) അത്തരമൊരു കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആദിവാസികളുടെ ക്ഷേമത്തിനായി വനംവകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

26 (*476) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനും കുടിവെള്ള പദ്ധതികൾക്കും വനഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസികൾക്ക് സൗജന്യനിരക്കിൽ ഈറ്റയും മുളയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ അടിസ്ഥാന മേഖലകൾ കേന്ദ്രീകരിച്ച് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ആദിവാസികൾക്കായി വനംവകുപ്പ് നടപ്പാക്കുന്നു. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കുന്നത്. വനാവകാശനിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളോടൊപ്പം താഴെപ്പറയുന്ന പരിപാടികളും നടപ്പാക്കുന്നു.

1. വനമേഖലയിലെ ആദിവാസികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.

2. സർക്കാരിന്റെ വിവിധ ഭവനപദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യരേഖക്കു താഴെയുള്ള ആദിവാസികൾക്ക് സൗജന്യമായി തടി നൽകുന്നതിനുള്ള നടപടികൾ തുടരുന്നു.

3. തടിയിതര വനവിഭവങ്ങൾ ആദിവാസികൾക്ക് സൗജന്യമായി അലോട്ട് ചെയ്യുന്നു.

4. തടിയിതര വനവിഭവങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന വിപണനം എന്നിവയ്ക്കായി വനശ്രീ പദ്ധതി നടപ്പാക്കുന്നു.

5. ആദിവാസികൾക്ക് സ്വന്തം ആവശ്യത്തിനായി ഈറ്റയും മുളയും നിലവിലുള്ള സീനിയറേജ് നിരക്കിന്റെ 50 ശതമാനം ഈടാക്കി നൽകി വരുന്നു.

6. ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകിവരുന്നു.

7. വനാവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി കോളനികളിൽ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്കായി ഒരു ഹെക്ടർ വരെ വനഭൂമി ഡി.എഫ്.ഒ തലത്തിൽ നൽകുന്നു.

8. ആദിവാസികളുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ജൈവ കുരുമുളക് വിദേശത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നു.

9. വിവിധ പദ്ധതികളിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം, ഹോസ്റ്റൽ കെട്ടിടനിർമ്മാണം, റോഡ് വികസനം എന്നിവ നടപ്പാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. തീരെ അവികസിത മേഖലകളായ അട്ടപ്പാടിയിലെ കുറുമ്പ കോളനിയിലും ഇടമലക്കുടിയിലെ മുതുവ കോളനിയിലും സമഗ്ര ഊരുവികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

11. ആദിവാസികളുടെ ആരോഗ്യപരിരക്ഷയ്ക്കായി മെഡിക്കൽ ക്യമ്പുകൾ സംഘടിപ്പിക്കുന്നു.

12. അപകട മരണത്തിനും വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമെതിരെ എല്ലാ ആദിവാസികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 18-5-2009-ലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സെറ്റിൽമെന്റുകളിലെ 13 തരം വികസനാവശ്യങ്ങൾക്കായി 1 ഹെക്ടർ വരെ വനഭൂമി 75 മരങ്ങൾ വരെ മുറിച്ചു മാറ്റാമെന്ന വ്യവസ്ഥയിൽ ഡി.എഫ്.ഒ. തലത്തിൽ അനുവദിച്ചു നൽകുന്നു.

(സി) പട്ടികവർഗ്ഗക്കാർക്ക് ഈറ്റയും മുളയും നിലവിലുള്ള സീനിയറേജു നിരക്കിന്റെ 50 ശതമാനം ഇൗടാക്കിക്കൊണ്ടു നൽകുന്നതിന് 2007-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകിവരുന്നു.

(ഡി) വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് സർക്കാർ വനമേഖലയിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് നിരക്കിൽ വേതനം നൽകുന്നുണ്ട്. ഈ നിരക്കുകൾ പുതുക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഹൗസിംഗ് ബോർഡിന്റെ വികസന പദ്ധതികൾ

27 (*477) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി.) ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പൊതുമേഖലയിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും എത്ര തുക വീതം നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

(സി) ഹൗസിംഗ് ബോർഡിന്റെ ഏതെല്ലാം ജില്ലകളിലെ എത്ര സ്ഥലം വീതമാണ് വികസനത്തിന് ഉപയോഗപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly